## ആരോഗ്യ ജാഗ്രത

# സിക്ക വൈറസ് രോഗം



## ഗർഭിണികൾ
## പ്രത്യേകം സൂക്ഷിക്കുക



### ഗർഭിണി ആയിരിക്കുമ്പോൾ സിക്ക വൈറസ് ബാധ ഉണ്ടായാൽ

- മൈക്രോസെഫാലി (കുഞ്ഞുങ്ങളുടെ തല ചെറുതാകുന്ന അവസ്ഥ)
- കുഞ്ഞുങ്ങൾക്ക് മറ്റ് ജനിതക വൈകല്യങ്ങൾ
- ഗർഭച്ഛിദ്രം
- ചാപിള്ള പിറക്കൽ
- മാസം തികയാതെയുള്ള പ്രസവം

എന്നിവയ്ക്ക് കാരണമായേക്കാം

ഗർഭിണികളിൽ പനി, തിണർപ്പ്, പേശികളിലും സന്ധികളിലും വേദന, ക്ഷീണം, കണ്ണിൽ ചുവപ്പ്, തലവേദന ഇവ ഉണ്ടായാൽ എത്രയും പെട്ടെന്ന് വൈദ്യസഹായം തേടുക

നമ്മുടെ ആരോഗ്യം നമ്മുടെ ഉത്തരവാദിത്തം

NATIONAL HEALTH MISSION



ആരോഗ്യ ജാഗ്രത

# സിക്ക
# വൈറസ് രോഗം

## സിക്ക വൈറസ് പകരുന്നതെങ്ങനെ?

- വൈറസ് ബാധയുള്ള ഈഡിസ് കൊതുക് കടിക്കുന്നത് വഴി
- അമ്മയിൽ നിന്നും ഗർഭസ്ഥ ശിശുവിലേക്ക്
- ലൈംഗിക ബന്ധത്തിലൂടെ
- രക്തം, രക്ത ഘടകങ്ങൾ എന്നിവ സ്വീകരിക്കുന്നതിലൂടെ
- അവയവം സ്വീകരിക്കുന്നതിലൂടെ



പനി, തിണർപ്പ്, പേശികളിലും സന്ധികളിലും വേദന, ക്ഷീണം, കണ്ണിൽ ചുവപ്പ്, തലവേദന ഇവ ഉണ്ടായാൽ എത്രയും പെട്ടെന്ന് വൈദ്യസഹായം തേടുക

നമ്മുടെ ആരോഗ്യം നമ്മുടെ ഉത്തരവാദിത്തം


ആരോഗ്യ
കുടുംബക്ഷേമ വകുപ്പ്



ആരോഗ്യ ജാഗ്രത

# സിക്ക
# വൈറസ് രോഗം

## നിലവിൽ സിക്ക രോഗത്തിന് പ്രത്യേക ചികിത്സകൾ ഇല്ല



**വേദനയ്ക്കും പനിക്കുള്ള മരുന്നുകൾ, വിശ്രമം, ധാരാളം വെള്ളം കുടിക്കുക ഇവയിലൂടെ രോഗം ഭേദമാവും**

**രോഗം ഗുരുതരമാകുകയാണെങ്കിൽ വൈദ്യസഹായം തേടണം.**

നമ്മുടെ ആരോഗ്യം നമ്മുടെ ഉത്തരവാദിത്തം

ആരോഗ്യ
കുടുംബക്ഷേമ വകുപ്പ്



ആരോഗ്യ ജാഗ്രത

# സിക്ക വൈറസ് രോഗം

**ഡെങ്കി, ചിക്കൻ ഗുനിയ, സിക്ക എന്നീ രോഗങ്ങൾ പരത്തുന്ന ഈഡിസ് ഈജിപ്തി വിഭാഗത്തിലുള്ള പെൺ കൊതുകുകൾ പ്രധാനമായും പകലാണ് കടിയ്ക്കുന്നത്**









## കൊതുകുകടി ഏൽക്കാതിരിക്കാൻ

- കൊതുകിനെ അകറ്റുന്ന ലേപനങ്ങൾ ഉപയോഗിക്കുക
- ശരീരം മൂടുന്ന വിധത്തിലുള്ള വസ്ത്രങ്ങൾ ധരിക്കുക
- ജനലുകളും വാതിലുകളും അടച്ചിടുക
- ജന വാതിലുകളിൽ സ്ക്രീനുകൾ ഉപയോഗിക്കുക
- പകൽ സമയത്തും ഉറങ്ങുമ്പോൾ കൊതുകുവല ഉപയോഗിക്കുക
- ശുദ്ധജലം കെട്ടിക്കിടക്കാൻ സാധ്യതയുള്ള ബക്കറ്റുകൾ, പൂച്ചട്ടികൾ, ടയറുകൾ, ചിരട്ടകൾ മുതലായ വസ്തുക്കൾ ഇടയ്ക്കിടെ വൃത്തിയാക്കുക.

നമ്മുടെ ആരോഗ്യം നമ്മുടെ ഉത്തരവാദിത്തം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്



# സിക്ക വൈറസ്

## പതിവായി ചോദിക്കുന്ന ചോദ്യങ്ങളും ഉത്തരങ്ങളും

**1 സിക്ക വൈറസ് ഏതെല്ലാം പ്രദേശങ്ങളിലാണ് കാണപ്പെടുന്നത്?**

ഈഡിസ് കൊതുകുകളുടെ സാന്നിധ്യം കൂടുതലുള്ള ഉഷ്ണമേഖലാ പ്രദേശങ്ങളിലാണ് സിക്ക വൈറസ് കാണപ്പെടുന്നത്. ഇന്ത്യയിൽ രാജസ്ഥാൻ പോലുള്ള സ്ഥലങ്ങളിൽ ഇത് കൂടുത ലായി കാണപ്പെടുന്നു

**2 സിക്ക വൈറസ് പിടിപെടുന്നത് എങ്ങിനെ?**

ഡെങ്കി, ചിക്കൻഗുനിയ തുടങ്ങിയ രോഗങ്ങൾ പരത്തുന്ന ഈഡിസ് കൊതുകുകളാണ് സിക്ക വൈറസ് പരത്തുന്നത്. രോഗാണുബാധയുള്ള ഈഡിസ് കൊതുകിന്റെ കടി എൽക്കുന്നതിലൂടെ ഒരാൾക്ക് ഈ രോഗം പിടിപെടുന്നു.

**3 ഈഡിസ് കൊതുകുകളുടെ പ്രജനനം എങ്ങിനെയാണ്?**

ഈഡിസ് വിഭാഗത്തിൽപ്പെട്ട പെൺകൊതു കുകൾ മാത്രമേ കടിക്കൂ. ഇവ ഒരേ സമയം ഒന്നിലധികം ആളുകളുടെ ചോര കുടിക്കുന്നു. ഒരു സമയം വേണ്ടത്ര ചോര കുടിച്ചതിനുശേഷം മൂന്നു ദിവസം വരെ മുട്ടയിടുന്നതിനായി ഇവ വിശ്രമിക്കുന്നു. ഈ മുട്ടകൾക്ക് ശുദ്ധജലത്തിൽ ഒരു വർഷം വരെ ജീവിക്കാനാകും. ഇവയ്ക്ക് മുട്ടയിട്ടു വളരുന്നതിന് വളരെ കുറച്ച് വെള്ളം മതിയാവും. ഈ മുട്ടകൾ പിന്നീട് ലാർവ ആയും കൊതുകുകൾ ആയും മാറുന്നു. കൊതുകു കൾക്ക് വൈറസ് ബാധ ഉണ്ടാകുന്നത് മനുഷ്യ രിൽ നിന്നാണ്.

**4 ഈഡിസ് കൊതുകുകൾക്ക് ഒരു രാജ്യത്തു നിന്നും മറ്റൊരു രാജ്യത്തേക്ക് യാത്ര ചെയ്യാൻ ആകുമോ?**

ഈഡിസ് കൊതുകുകൾക്ക് അധികദൂരം പറക്കാൻ കഴിയുകയില്ല.പരമാവധി 400 മീറ്റർ വരെയാണ് ഇവ പറക്കുന്നത്. എന്നിരുന്നാലും മനുഷ്യർ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് യാത്ര ചെയ്യുമ്പോൾ സഞ്ചരി ക്കുന്ന കാർ വഴിയോ ചെടികൾ വഴിയോ ഇവ യും കൂടെ സഞ്ചരിക്കാൻ സാധ്യതയുണ്ട്.

**5 സിക്ക വൈറസ് രോഗത്തിന്റെ ലക്ഷണങ്ങൾ എന്തെല്ലാം?**

വൈറസ് ബാധയുള്ള കൊതുകിന്റെ കടിയേറ്റ തിനുശേഷം കുറച്ചു ദിവസങ്ങൾ കഴിഞ്ഞ് ഗുരുതര മല്ലാത്ത ലക്ഷണങ്ങളോടെ ആണ് സിക്ക വൈറസ് രോഗം കാണപ്പെടുന്നത്. ചെറിയ പനി, ശരീരത്തിൽ തിണർപ്പ് എന്നീ ലക്ഷണങ്ങളോടെയാണ് മിക്കവരിലും ഈ രോഗം പ്രത്യക്ഷപ്പെടുന്നത്. ചിലരിൽ കണ്ണിൽ ചുവപ്പു നിറം, പേശിവേദന, സന്ധിവേദന, ക്ഷീണം എന്നീ ലക്ഷണങ്ങളും ഉണ്ടാകാം. ലക്ഷണങ്ങൾ രണ്ടു മുതൽ 7 ദിവസംവരെ നീണ്ടുനിൽക്കാം.

**6 സിക്ക വൈറസ് രോഗം ഗുരുതരമാകുന്നത് എപ്പോൾ?**

സിക്ക വൈറസ് രോഗബാധ ഉള്ളവരിൽ ഗില്ലൻ ബാരി സിൻഡ്രോം,മൈക്രോസെഫാലി എന്നീ രോഗങ്ങൾ ഉണ്ടാകുന്നതിനു സാധ്യതയുണ്ട്. പക്ഷേ ഇവ തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള വിശദമായ പഠനങ്ങൾ നടന്നു വരുന്നതേ ഉള്ളൂ.

പേശികളിൽ വേദന,കൈകാലുകളിൽ തരിപ്പ് എന്നീ അവസ്ഥകൾ കാണുന്ന രോഗമാണ് ഗില്ലൻ ബാരി. ഈ രോഗം ബാധിച്ച മിക്കവരിലും അസുഖം ഭേദമാകാറുണ്ട്.എന്നിരുന്നാലും ചിലരിൽ ക്ഷീണം പോലുള്ള ലക്ഷണങ്ങൾ തുടർന്നും കാണാറുണ്ട്.

നമ്മുടെ ആരോഗ്യം നമ്മുടെ ഉത്തരവാദിത്തം

### 7 ഗർഭിണികളിൽ സിക്ക രോഗം ഗുരുതരമാകുമോ?

സിക്ക രോഗം ബാധിച്ച ഗർഭിണികളുടെ കുട്ടികളിൽ മൈക്രോസെഫാലി എന്ന രോഗം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ഗർഭിണികളും ഗർഭിണിയാകാൻ ആഗ്രഹിക്കുന്നവരും കൊതുക് കടി ഏൽക്കാതെ സൂക്ഷിക്കണം.

നിങ്ങൾ ഗർഭിണിയാണെങ്കിൽ സിക്ക രോഗമുണ്ടെന്ന് സംശയിക്കുന്ന സാഹചര്യത്തിൽ ഡോക്ടറുടെ സേവനം തേടേണ്ടതാണ്.

### 8 എന്താണ് മൈക്രോസെഫാലി?

കുഞ്ഞുങ്ങളിൽ സാധാരണയിൽ കുറഞ്ഞ വലിപ്പമുള്ള തല കാണപ്പെടുന്ന അവസ്ഥയാണ് മൈക്രോസെഫാലി എന്ന പേരിൽ അറിയപ്പെടുന്നത്. ഗർഭാവസ്ഥയിലോ ശിശു ആയിരിക്കുന്ന സമയത്തോ തലച്ചോറിന്റെ വികാസം ശരിയായ രീതിയിൽ നടക്കാത്തത് കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇത്തരം കുഞ്ഞുങ്ങൾ വളരുമ്പോൾ മറ്റു വെല്ലുവിളികളും നേരിട്ടേക്കാം.

ജനിതകമായ കാരണങ്ങളാലും വളരുന്ന അന്തരീക്ഷവുമായി ബന്ധപ്പെട്ട കാരണങ്ങളാലും കുഞ്ഞുങ്ങളിൽ മൈക്രോസെഫാലി കാണപ്പെടാം. ഭ്രൂണാവസ്ഥയിൽ മയക്കുമരുന്ന്, മദ്യം, മറ്റു വിഷ വസ്തുക്കൾ എന്നിവയുമായുള്ള ബന്ധമുണ്ടാകുന്നത് ഇതിനൊരു കാരണമാണ്. ഗർഭിണിയായ സ്ത്രീക്ക് റൂബല്ല രോഗബാധ ഉണ്ടായാലും കുഞ്ഞുങ്ങളിൽ മൈക്രോസെഫാലി ഉണ്ടാകുന്നതായി കണ്ടുവരുന്നു.

### 9 സിക്ക വൈറസ് രോഗബാധ ചികിത്സിക്കുന്നത് എങ്ങിനെ?

നിലവിൽ സിക്ക രോഗത്തിന് പ്രത്യേക ചികിത്സകൾ ഇല്ല.വേദനയ്ക്കും പനിക്കുള്ള മരുന്നുകൾ, വിശ്രമം, ധാരാളം വെള്ളം കുടിക്കുക ഇവയിലൂടെ രോഗം ഭേദമാവും. രോഗം ഗുരുതരമാകുകയാണെങ്കിൽ വൈദ്യസഹായം തേടണം.

### 10 സിക്ക വൈറസ് രോഗബാധ കണ്ടുപിടിക്കുന്നത് എങ്ങിനെ?

ലക്ഷണങ്ങളിലൂടെയും കൊതുകുകടി ഏൽക്കാൻ ഉള്ള സാധ്യതയുടെ അടിസ്ഥാനത്തിലും വൈറസ് ബാധ ഉണ്ടായിട്ടുള്ള സ്ഥലങ്ങളിലേക്ക് യാത്ര ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിലൂട യുമാണ് സിക്ക വൈറസ് രോഗബാധ കണ്ടെത്തുന്നത്. പ്രത്യേക പരിശോധനാ സംവിധാന ങ്ങളുള്ള ലബോറട്ടറിയിൽ നടത്തുന്ന രക്തപരിശോ ധനയിലൂടെയാണ് ഈ രോഗം സ്ഥിരീകരിക്കുന്നത്.

### 11 സിക്ക രോഗബാധയിൽ നിന്നും സംരക്ഷണം ലഭിക്കുന്നതിനായി എന്തെല്ലാം മുൻകരുതലുകൾ എടുക്കണം?

രോഗബാധയിൽ നിന്നും സംരക്ഷണം ലഭിക്കാനായി ചെയ്യേണ്ട പരമപ്രധാനമായ കാര്യം കൊതുകുകടി ഏൽക്കാതിരിക്കുക എന്നതാണ്. കൊതുകുകടി ഏൽക്കാതിരിക്കുന്നതിലൂടെ സിക്ക വൈറസിൽ നിന്നു മാത്രമല്ല ഡെങ്കി,ചിക്കൻഗുനിയ തുടങ്ങിയ മറ്റു രോഗങ്ങളിൽ നിന്നും സംരക്ഷണം ലഭിക്കും.

കൊതുകുകടി ഏൽക്കാതിരിക്കാൻ കൊതുകിനെ അകറ്റുന്ന ലേപനങ്ങൾ ഉപയോഗിക്കുക, ശരീരം മൂടുന്ന വിധത്തിലുള്ള വസ്ത്രങ്ങൾ ധരിക്കുക, ജനലുകളും വാതിലുകളും അടച്ചിടുക, ജനലുകൾക്കും വാതിലുകൾക്കും സ്ക്രീനുകൾ ഉപയോഗിക്കുക, പകൽ ഉറങ്ങുമ്പോൾ പോലും കൊതുകുവല ഉപയോഗിക്കുക, ശുദ്ധജലം കെട്ടിക്കിടക്കാൻ സാധ്യതയുള്ള ബക്കറ്റുകൾ, പൂച്ചട്ടികൾ, ടയറുകൾ മുതലായ വസ്തുക്കൾ ഇടയ്ക്കിടെ വൃത്തിയാക്കുക എന്നിവ ചെയ്യാം.

### 12 സിക്ക വൈറസ് രോഗബാധ റിപ്പോർട്ട് ചെയ്യുന്ന ഇടങ്ങളിലേക്കുള്ള യാത്ര ഒഴിവാക്കേണ്ടതുണ്ടോ?

സിക്ക വൈറസ് രോഗത്തെക്കുറിച്ചും മറ്റു കൊതുകുജന്യ രോഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ മനസ്സിലാക്കുകയും അത്തരം രോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങളിലേക്ക് യാത്ര ചെയ്യുന്നതിനുമുൻപ് നിർദ്ദേശങ്ങൾക്കായി 104, 1056, 0471 2552056 എന്നീ ദിശ ഹെൽപ്പ് ലൈൻ നമ്പറുകളുമായി ബന്ധപ്പെടുകയും ചെയ്യുക.

കൊതുകുജന്യ രോഗങ്ങൾ ബാധിക്കാതിരിക്കാനായി നേരത്തെ വ്യക്തമാക്കിയത് പോലെയുള്ള മുൻകരുതലുകൾ എടുക്കേണ്ടതാണ്. ഗർഭിണികളും ഗർഭിണിയാകാൻ ആഗ്രഹിക്കുന്നവരുമായവർ പ്രത്യേക കരുതൽ എടുക്കു കയും യാത്ര ചെയ്യുന്നതിനുമുമ്പ് അടുത്തുള്ള ആരോഗ്യ കേന്ദ്രവുമായി ബന്ധപ്പെടുകയും ചെയ്യേണ്ടതാണ്.

വീടുകളിൽ താമസിക്കുന്ന ഓരോരുത്തർക്കും കൊതുകുകളുടെ എണ്ണം കുറയ്ക്കുന്നതിനായി പല കാര്യങ്ങളും ചെയ്യാൻ സാധിക്കും. വീടുകളിലും സ്ഥാപനങ്ങളിലും കൊതുകു മുട്ടയിട്ട് വളരുവാൻ സാധ്യതയുള്ള ചെറിയ അളവ് ശുദ്ധജലം പോലും കെട്ടിക്കിടക്കുന്ന ബക്കറ്റുകൾ,പൂച്ചട്ടികൾ,ടയറുകൾ മുതലായവ വെള്ളം കെട്ടി നിൽക്കാതെ സൂക്ഷിക്കേണ്ടതാണ്.